# Malayala Manorama

# 11 August 2018

# Kerala: Flood, Fresh water supply, Distressed



## ദുരിത മേഖലകളിൽ ശുദ്ധജലവിതരണം

തിരുവനന്തപുരം● ദുരിതാശ്വാസ ക്യാംപുകളിലും വെള്ളപ്പൊക്കം മൂലം ഒറ്റപ്പെട്ടു വീടുകളിൽ കഴിയുന്നവർക്കും യുദ്ധകാലാടിസ്ഥാനത്തിൽ ശുദ്ധജലം ലഭ്യമാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശം നൽകി. ഇന്നലെ രാത്രി നടന്ന അവലോകന യോഗത്തിലാണ് തീരുമാനം. ജില്ലാ ഭരണാധികാരികളുമായും തദ്ദേശസ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് ജല അതോറിറ്റി ശുദ്ധജലം ലഭ്യമാക്കണം.

എറണാകുളം ജില്ലയിലെ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാൻ എ.പി.എം.മുഹമ്മദ് ഹനീഷ്, എം.ജി.രാജമാണിക്യം എന്നിവരെ നിയോഗിച്ചു. ലാൻഡ് റവന്യു കമ്മിഷണർ എ.ടി.ജയിംസിനെ വയനാട് ജില്ലയിലേക്കു നിയോഗിച്ചു. ഉന്നത പൊലീസ് ഉദ്യോഗസ്ഥരെയും നിയോഗിക്കും.